**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.4715/2018/ധന.** തിരുവനന്തപുരം, തീയതി **02/06/2018**

പരാമർശം:- 1. 26.04.2017 തീയതിയിലെ സ.ഉ. (സാധാ)നം.3646/2017/ധന

2. തിരുവനന്തപുരം സഹകരണ സംഘം രജിസ്ട്രാർ 22.03.2018 തീയതിയിൽ സഹകരണ(എ)വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്കയച്ച കത്ത്

3. ഭരണ വകുപ്പ് ഫയൽ നം. Co-opA2/228/2018-Co-op Computer No. 821313

**<u>ഉത്തരവ്</u>**

പട്ടിക ജാതി /പട്ടികവർഗ്ഗ/ പരിവർത്തിത ക്രൈസ്തവ കടാശ്വാസ പദ്ധതിയുടെ ഭാഗമായി സർക്കാർ അനുവദിച്ച തുക നിക്ഷേപിച്ച് വിനിയോഗിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് 224 ന്റെ കാലാവധി 31.03.2018 വരെ ദീർഘിപ്പിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിട്ടുണ്ടെന്നും ടി പദ്ധതിയുടെ കീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിരുന്ന വായ്പകൾക്ക് ഒരു ലക്ഷം രൂപയുടെ കടാശ്വാസം അനുവദിക്കുന്നതിന് അർഹമായ തുകയുടെ ഒന്നാം ഗഡുതുക ഇതിനോടകം ലഭ്യമായത് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്നും ടി തുകയുടെ രണ്ടും മൂന്നും ഗഡുക്കൾ സർക്കാരിൽ നിന്നും ലഭ്യമായത് വിനിയോഗിച്ച വരുന്നവെന്ന് അറിയിച്ചിരിക്കുന്നു. ആയതിനാൽ, ടി പദ്ധതിക്കായി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള എസ്. ടി. എസ്. ബി. അക്കൗണ്ട് 224 ന്റെ കാലാവധി 31.03.2019 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി പട്ടിക ജാതി /പട്ടികവർഗ്ഗ/ പരിവർത്തിത ക്രൈസ്തവ കടാശ്വാസ പദ്ധതിയുടെ ഭാഗമായി സർക്കാർ അനുവദിച്ച ധനസഹായം രണ്ടും മൂന്നും ഗഡുക്കളുടെ വിനിയോഗം പൂർത്തിയാകുന്ന മുറയ്ക്ക് അല്ലെങ്കിൽ 31/03/2019 ഏതാണോ ആദ്യം എന്നനിലയ്ക്ക് എസ്. ടി. എസ്. ബി. അക്കൗണ്ട് 224 ക്ലോസ് ചെയ്യേണ്ടതാണ് എന്നും തുടർന്ന് ദീർഘിപ്പിച്ചു നൽകുന്നതല്ല എന്നുമുള്ള നിബന്ധനയോടെ അക്കൗണ്ടിന്റെ കാലാവധി ദീർഘിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സഹകരണ വകുപ്പ് (e-file No:Co-opA2/228/2018-Co-op Computer No. 821313 പ്രകാരം)
ധനകാര്യ (Agri-C) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ